(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ)

(21) തെങ്ങുകൃഷി രക്ഷിക്കുന്നതിനാവശ്യമായ നടപടി

ശ്രീ. പി. രാജു: സർ, കേരളത്തിൽ രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും വെട്ടി മാറ്റുന്ന തെങ്ങുകൾക്ക് നഷ്ടപരിഹാരമായി സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതി കേരളത്തിൽ നിലവിലുണ്ടായിരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായി നടപ്പിലാക്കിയ ഒരു സംഗതിയാണിത്. ഇന്നിപ്പോൾ രണ്ട് ജില്ലകളിൽ മാത്രമായി അത് ചുരുങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എന്നു മാത്രമല്ല, ഇപ്പോൾ നടക്കുന്ന പദ്ധതിയനുസരിച്ച് അഞ്ച് കൊല്ലക്കാലം കഴിഞ്ഞാലും കേരളത്തിലെ രോഗംവന്ന തെങ്ങുകൾ വെട്ടി മാറ്റാൻ കഴിയാത്ത അവസ്ഥയാണുള്ളത്. വളരെ പരിമിതമായ സംഖ്യയാണ് ഇതിനുവേണ്ടി ഓരോ ജില്ലയ്ക്കും ഇന്ന് അനുവദിച്ചുകൊണ്ടിരിക്കുന്നത്. ഇത് വ്യാപകമായ പ്രശ്നമാണ്. പ്രത്യേകിച്ചും എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ രോഗം വന്ന തെങ്ങുകളുടെ എണ്ണം ഓരോ ദിവസം കഴിയുന്തോറും കൂടിക്കൂടി വരികയാണ്. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും നഷ്ടം വന്ന കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. അതിന് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ സാമ്പത്തിക സഹായം വാങ്ങി കേരളത്തിലെ നാളികേര കൃഷിയെ രക്ഷിക്കുന്നതിനാവശ്യമായ നടപടി കൃഷിവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, ഇത് ഗൗരവമേറിയ ഒരു കാര്യമാണ്. എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ട്. അതിന് അടുത്തുതന്നെ അംഗീകാരം ലഭിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഏതായാലും എറണാകുളം ജില്ലയെ പൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാന ഗവൺമെൻറിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ അതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീ. രാജുവിന്റെ നിയോജകമണ്ഡലമുൾപ്പെടെ പറവൂർ, ആലുവ, കൊച്ചി താലൂക്കുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(22) അൺഇക്കണോമിക് എൽ. പി. സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: സർ, ഞാൻ നൽകിയ നോട്ടീസിൽ സ്റ്റാഫ് പാറ്റേൺ 3+2 എന്ന് തെറ്റായി അടിച്ചു വന്നിരിക്കുന്നു. അത് 3+1 ആണ്.

സർ, നമ്മുടെ ലോവർ പ്രൈമറി സ്കൂളുകളിൽ ഒന്നു മുതൽ നാലു വരെ നാല് ക്ലാസുകളും നാല് ടീച്ചർമാരുമാണ് ഇതുവരെ ഉണ്ടായിരുന്നത്. എന്നാൽ ഒരു ക്ലാസിനു 25 എന്ന തോതിൽ നാല് ക്ലാസുകൾക്ക് 100 കുട്ടികൾ ഇല്ലാത്ത എൽ. പി. സ്കൂളുകൾ അൺഇക്കണോമിക്

LIBRARY ARCHIVES Kerala Legislative Assembly

ആണെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 51 മുതൽ 100 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർക്കുപ്പെടെ 3 അദ്ധ്യാപകരും 50 കുട്ടികളിൽ കുറഞ്ഞ സ്കൂളുകളിൽ രണ്ട് അദ്ധ്യാപകരും മതി എന്നാണ് സർക്കാർ നയം. ഗവൺമെന്റിന്റെ മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ ഫലമായി ചില ഡി.ഡി.-മാരും എ.ഇ.ഒ.-മാരും അൺഇക്കണോമിക്കായ എൽ. പി. സ്കൂളുകളിലെ പല അദ്ധ്യാപകരുടെയും മേയ് മാസത്തെ ശമ്പളം എഴുതേണ്ടതില്ലെന്ന് ഉത്തരവ് ഇറക്കിയിരിക്കുന്നു. ഇതു കാരണം എയിഡഡ് സ്കൂളുകളിലെ ഏഴ് വർഷം സർവ്വീസില്ലാത്ത നിരവധി അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടാൻ പോവുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം പരിഗണിച്ച് എൽ.പി. സ്കൂളുകളിൽ നാല് ക്ലാസുകൾക്ക് ഹെഡ്മാസ്റ്റർക്കുപ്പെടെ നാല് അദ്ധ്യാപകർ എന്ന നിലവിലുള്ള സ്ഥിതി നിലനിർത്തണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, അൺഇക്കണോമിക് സ്കൂളുകൾ ഗവൺമെന്റ് പ്രഖ്യാപിച്ചതല്ല; അൺഇക്കണോമിക് സ്കൂളുകൾ എന്താണെന്ന് കെ.ഇ.ആറിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മമ്മു മാസ്റ്റർ സൂചിപ്പിച്ച ആ ഉത്തരവ് ഇവിടെ വന്നിട്ടില്ലായിരുന്നെങ്കിൽ നൂറിനു താഴെ കുട്ടികളുള്ള സ്കൂളുകളിൽ ചിലപ്പോൾ രണ്ട് അദ്ധ്യാപകരുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അത്തരം സ്കൂളുകൾക്ക് ദോഷകരമായിപ്പോകും; പിടിച്ചു നിൽക്കണം എന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് ചുരുങ്ങിയത് അൻപതിനു താഴെ കുട്ടികളാണെങ്കിൽ രണ്ട് അദ്ധ്യാപകരും, അൻപതിനു മുകളിലാണെങ്കിൽ മൂന്ന് അദ്ധ്യാപകരും നിർബന്ധമായി ഉണ്ടാകണമെന്നുള്ള തീരുമാനമെടുത്തത". ചില സ്കൂളുകളെ രക്ഷിക്കാൻ വേണ്ടിയാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. അദ്ദേഹം പറഞ്ഞതുപോലെ ഇക്കൊല്ലം അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകർ ഉണ്ടെങ്കിൽ അവരെ ഇക്കൊല്ലം റീറെയിൻ ചെയ്യാൻ ഇതുപ്രകാരം പറ്റും. വല്ല പ്രശ്നങ്ങളുമുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിച്ച് ഇക്കൊല്ലമുള്ള അദ്ധ്യാപകരെ അവിടെത്തന്നെ നിലനിറുത്തിക്കൊണ്ട് കാര്യങ്ങൾ ചെയ്തുകൊള്ളാം. കെ.ഇ.ആർ പ്രകാരമുള്ള ഫിക്സേഷനും ഈ മോഡിഫൈഡ് ഓർഡർപ്രകാരം ചെയ്യാൻ സാദ്ധ്യമായ കാര്യങ്ങളും ചെയ്യുന്നതാണ്.

(23) അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, വയനാട് പോലുള്ള ജില്ലകളിൽ വളരെയേറെ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്നത് എക്കാലവും ഒരു വസ്തുതയാണ്. വയനാട്ടിലെ അദ്ധ്യാപകർ മറ്റു പല ജില്ലകളിലും പോയി ജോലി ചെയ്യുന്നുണ്ട്. അവർ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുമ്പോൾ നിലവിലുള്ള നിയമപ്രകാരം ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജില്ലയിൽ അഞ്ചു വർഷത്തെ സർവീസ് പൂർത്തിയാക്കണമെന്ന നിബന്ധന വളരെയേറെ ദോഷകരമായി ബാധിക്കുന്നതിനാൽ ഇത്തരം പിന്നോക്ക ജില്ലകളിൽ അദ്ധ്യാപകരെ ലഭിക്കാറില്ല. അതുകൊണ്ട് പിന്നോക്ക ജില്ലകളിലേക്കുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം അഞ്ചു വർഷമെന്നുള്ളത് ഇളവു ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly